## വാർത്തകൾ, ചിത്രങ്ങൾ

# തനതായ സൗന്ദര്യത്തിൽ മായം ചേർക്കപ്പെടുന്നു: വിദ്യാഭ്യാസമന്ത്രി

തനതായ സൗന്ദര്യത്തിൽ മായം ചേർക്കപ്പെടുന്ന കാലമാണിതെന്ന് വിദ്യാഭ്യാസ മന്ത്രി ഇ.ടി. മുഹമ്മദ് ബഷീർ പ്രസ്താവിച്ചു. മാനുഷികമൂല്യങ്ങൾക്കു വില കല്പിക്കാത്ത കാലമാണിത്. ആറ്റുനോറ്റു വളർത്തിയ മാതാപിതാക്കൾ മക്കൾക്കു ഭാരമായിത്തീർന്നിരിക്കുന്നു. ഇതിനൊക്കെ മാറ്റം വരണം; മാറ്റം വരുത്തണം.

സ്റ്റേറ്റ് റിസോഴ്സ് സെന്ററും, തിരുവനന്തപുരം ജനശിക്ഷൺ സൻസ്ഥാനും, ജില്ലാ സാക്ഷരതാ മിഷനും ചേർന്നു സംഘടിപ്പിച്ച ലോകജനസംഖ്യാദിനാചരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ദേശീയ സക്ഷരതാ മിഷൻ അംഗം പാലോട് രവി അദ്ധ്യക്ഷത വഹിച്ചു.




*സ്റ്റേറ്റ് റിസോഴ്സ് സെന്ററും, തിരുവനന്തപുരം ജനശിക്ഷൺ സൻസ്ഥാനും, ജില്ലാ സാക്ഷരതാ മിഷനും ചേർന്നു സംഘടിപ്പിച്ച ലോകജനസംഖ്യാദിനാചരണം വിദ്യാഭ്യാസമന്ത്രി ഇ.ടി. മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്യുന്നു. ഡോ. എം.എ. കരീം, പാലോട് രവി എന്നിവർ വേദിയിൽ*



*സ്റ്റേറ്റ് റിസോഴ്സ് സെന്റർ പ്രസിദ്ധീകരിച്ച 'അന്നം മുന്നം' നവസാക്ഷരപുസ്തകം വിദ്യാഭ്യാസ മന്ത്രി ഇ.ടി. മുഹമ്മദ് ബഷീർ പ്രകാശനം ചെയ്യുന്നു.*

സ്റ്റേറ്റ് റിസോഴ്സ് സെന്ററിനുവേണ്ടി ഡോ. എഴുമറ്റൂർ രാജരാജവർമ്മ, തിരുമല ശിവൻകുട്ടി എന്നിവരെഴുതിയ 'അന്നംമുന്നം', 'മൂളിപ്പാട്ടും പാടി' എന്നീ നവസാക്ഷര പുസ്തകങ്ങൾ തദവസരത്തിൽ മന്ത്രി പ്രകാശനം ചെയ്തു. സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ കോന്നി ഗോപകുമാർ, ജനശിക്ഷൺ സൻസ്ഥാൻ ഡയറക്ടർ ആർ. ഗോപകുമാർ എന്നിവർ പുസ്തകങ്ങൾ ഏറ്റുവാങ്ങി.

ഡോ. എം.എസ്. ജയപ്രകാശ്, കോന്നി ഗോപകുമാർ, ആർ. ഗോപകുമാർ, ഡോ. എൻ.ബി. സുരേഷ്കുമാർ എന്നിവർ ആശംസകൾ നേർന്നു.

ഡോ. എം.എ. കരീം, (ഡയറക്ടർ, എസ്.ആർ.സി) സ്വാഗതവും ജില്ലാ കോ-ഓർഡിനേറ്റർ കെ. അയ്യപ്പൻനായർ നന്ദിയും പറഞ്ഞു. തുടർന്ന്, മാനസികാരോഗ്യം, ജനസംഖ്യയും ജീവിത ഗുണനിലവാരവും എന്നീ വിഷയങ്ങളിൽ ഡോ. കെ. ഗിരീഷ്, ഡോ. അമർ എസ്. ഫെറ്റിൽ എന്നിവർ ക്ലാസുകളെടുത്തു.

**റിപ്പോർട്ട്: ഹരീഷ് കുമാർ**



*സ്റ്റേറ്റ് റിസോഴ്സ് സെന്റർ പ്രസിദ്ധീകരിച്ച മൂളിപ്പാട്ടും പാടി എന്ന നവസാക്ഷര പുസ്തകം വിദ്യാഭ്യാസമന്ത്രി പ്രകാശനം ചെയ്യുന്നു.*

# ഏകദിനബോധവൽക്കരണ പരിപാടി



സ്റ്റേറ്റ് റിസോഴ്സ് സെന്ററും പഴമല വാർഡുതല കുടുംബശ്രീയും സംയുക്തമായി സംഘടിപ്പിച്ച 'കുടുംബശ്രീ' അംഗങ്ങൾക്കുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടി പെരുങ്കടവിള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. സോമൻ നായർ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.

സ്റ്റേറ്റ് റിസോഴ്സ് സെന്ററും പഴമല വാർഡുതല കുടുംബശ്രീയും സംയുക്തമായി കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങൾക്കുവേണ്ടി പഴമല ഇ.എം.എസ്. മെമ്മോറിയൽ പട്ടികജാതി സാംസ്കാരികനിലയത്തിൽ വച്ച് ഏകദിന ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. പെരുങ്കടവിള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. സോമൻ നായർ പരിപാടി ഉദ്ഘാടനം ചെയ്തു. കുടുംബശ്രീയുടെ പ്രാധാന്യത്തെക്കുറിച്ചു വിശദമായി അദ്ദേഹം സംസാരിച്ചു. ഡോ. എം.എ. കരീം (ഡയറക്ടർ, എസ്.ആർ.സി) അദ്ധ്യക്ഷത വഹിച്ചു. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ പി. രംഗസ്വാമി, സി.ഡി.എസ് ചെയർപേഴ്സൺ ജി. ശ്യാമള എന്നിവർ ആശംസ കളർപ്പിച്ചു. പഴമല വാർഡ് മെമ്പർ ബി. നിർമ്മല സ്വാഗതവും 'കുടുംബശ്രീ' ഏ.ഡി.എസ് പ്രസിഡന്റ് കെ. സുധ കൃതജ്ഞതയും രേഖപ്പെടുത്തി.

തുടർന്നു കുടുംബശ്രീ ഇന്നലെ, ഇന്ന്, നാളെ, "തുടർ വിദ്യാഭ്യാസം", "കുടുംബശ്രീയും ആരോഗ്യവും" തുടങ്ങിയ വിഷയങ്ങളിൽ ക്ലാസും ചർച്ചയും നടന്നു. 102 പേർ പരിപാടിയിൽ പങ്കെടുത്തു. വൈകുന്നേരം 4.30ന് പരിപാടി സമാപിച്ചു.

**റിപ്പോർട്ട്: ഡി. കലാമണി**

# തുടർവിദ്യാഭ്യാസ പരിപാടി - മൂല്യനിർണ്ണയ പരിശീലനം



തുടർവിദ്യാഭ്യാസ പരിപാടി മൂല്യനിർണയം ചെയ്യുന്ന ഏജൻസികളുടെ പരിശീലന പരിപാടി ദേശീയ സാക്ഷരതാ മിഷൻ അംഗം പാലോട് രവി ഉദ്ഘാടനം ചെയ്യുന്നു